M 6507

Reg. No.: ..............................

Name : ..................................

**II Semester B.A. Degree (CCSS – Reg./Supple./Improve.) Examination, May 2014**
**CORE COURSE IN MALAYALAM**
**2 B 03 MAL : ചെറുകഥാ സാഹിത്യം**
**(2012 Admn. Onwards)**

Time : 3 Hours                                                            Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കഥകളുടെ കർത്താക്കളുടെ പേരെഴുതുക.

   a) വാനപ്രസ്ഥം

   b) തഹസീൽദാരുടെ അച്ഛൻ

   c) മോരിന്റെ പര്യായം

   d) മെയിൽ റണ്ണർ.

2) ഉത്തരമെഴുതുക.

   a) വാസനാവികൃതി എന്ന കഥ എഴുതിയതാര് ?

   b) കഥയെഴുതിയതിന്റെ പേരിൽ ജയിലിൽ പോകേണ്ടിവന്ന ആദ്യ മലയാള കഥാകൃത്ത് ?

   c) വെള്ളപ്പൊക്കത്തിൽ എന്ന കഥയുടെ പശ്ചാത്തലം എവിടെയാണ് ?

   d) എൻ. എസ്. മാധവന്റെ 'തിരുത്ത് ' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന സംഭവം ?

3) ''ഇയാളുടെ അമ്മ ഒരു കൊച്ചിയാന്റെ മകളായിരുന്നുവത്രെ. കുറെ മുമ്പ് മരിച്ചു''.

   a) ആരാണിങ്ങനെ പറയുന്നത് ?

   b) ആരോട് ?

   c) സന്ദർഭമേത് ?

   d) ഏത് കൃതി ?

P.T.O.

4) ''ഒരു പക്ഷേ, അവനെ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഞാൻ അവനെ വധിക്കില്ലായിരുന്നു''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) 'അവൻ' ആരാണ് ?

d) ഏത് കഥയിലെ വാക്യം ?

5) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും | – | എം. ടി. വാസുദേവൻ നായർ |
| b) ഹിഗ്വിറ്റ | – | പി. സുരേന്ദ്രൻ |
| c) വാനപ്രസ്ഥം | – | സക്കറിയ |
| d) ഭൂതനേത്രം | – | എൻ. എസ്. മാധവൻ |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''അവന്റെ മാറത്ത് ആ കുഞ്ഞും കിടക്കുന്നുണ്ട്. അതിനെ അവൻ താൻ ഉടുത്തിരുന്ന പഴന്തുണിയഴിച്ച് മാറോട് ചേർത്തു ഭദ്രമായി കെട്ടിയിരിക്കയാണ് ''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

7) ''അവന്റെ കണ്ണുകളിൽ ആരെയും കരയിക്കുന്ന നിസ്സഹായസ്ഥിതി പ്രതിഫലിച്ചിരുന്നു'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''അവളെ ഏതോ കരിങ്കൽക്കുന്ന് പെറ്റ് പുറത്തേക്കെറിഞ്ഞതാണെന്ന് തോന്നി'' – ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

9) ''ഇന്ന് വേണോ ഉസ്താദ് ? ഇന്ന് പലതവണ ഉന്നം ചെറുതായി തെറ്റുന്നതുകണ്ടു'' – ആരുടെ വാക്കുകൾ ? വിശദമാക്കുക.

10) ''ശരി, ആ വാക്കുകേട്ട് വിശ്വസിച്ചുപോയ ശകുന്തളയെപ്പോലെ ഞാനും ഒടുക്കം ദുഃഖിക്കേണ്ടിവന്നാലോ ?'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

11) ''ഞാൻ എന്റെ ഷർട്ടു വാങ്ങിക്കും അതിന്റെ മാതൃക ഞാൻ നിശ്ചയിക്കുന്നതു തന്നെ.'' ആരുടെ വാക്കുകൾ ? വിശദമാക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) 'ദ്വാരക' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ വിവരിക്കുക.

13) രാച്ചിയമ്മയുടെ സ്വഭാവം നിരൂപണം ചെയ്യുക.

14) ''ദിവസം നാല്പതു യൂണിറ്റ് ഇൻസുലിൻ കുത്തിവെക്കുന്ന പരാധീനതകളുടെ ചരിത്രം കേൾപ്പിക്കണ്ട''. ആരാണിങ്ങനെ പറയുന്നത് ? വിശദമാക്കുക.

15) 'കടൽക്കൊള്ള' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

16) 'കപിലവസ്തു' എന്ന കഥ അവതരിപ്പിക്കുന്ന ആശയതലം വിശകലനം ചെയ്യുക.

17) 'വെള്ളപ്പൊക്കത്തിൽ' കേവലം ഒരു നായയുടെ കഥയല്ല – വിവരിക്കുക.

18) ആധുനിക കഥയുടെ എന്തെല്ലാം സവിശേഷതകൾ 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു' എന്ന കഥയിൽ കാണാം ? വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) വി. കെ. എന്നിന്റെ ഫലിതബോധത്തിന് മികച്ച ഉദാഹരണമാണ് 'മാനാഞ്ചിറ ടെസ്റ്റ്' – വിവരിക്കുക.

20) 'മോഡൽ' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹിക പ്രശ്നം എന്താണ് ? വിവരിക്കുക.

21) ആദ്യകാല മലയാളകഥകളുടെ സവിശേഷതകൾ ദ്വാരക, അന്യഥാ ചിന്തിതം കാര്യം, ദൈവമന്ത്യത്ര ചിന്തയേൽ എന്നീ കഥകളെ ആധാരമാക്കി വിവരിക്കുക.

22) 'നിഴലുകളുടെ സമയം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

23) 'ആർക്കറിയാം' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

———————